‘ ഭരണഭാഷ മാതൃഭാഷ’

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

നമ്പർ:**STDD/2099/2025-B1** തീയതി :**08-08-2025**

## ഇ.ടെണ്ടർ നമ്പർ -3

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 4 വരെ നടത്തുന്ന നാടൻ കലാമേളയും പ്രദർശന വിപണന മേളയും (ഗദ്ദിക 2025) സംഘടിപ്പിക്കുന്നു. ഗദ്ദിക 2025 എറണാകുളം ജില്ലയിലെ മേളയിൽ പങ്കെടുക്കുന്ന സ്റ്റാളിലെ പ്രതിനിധികൾക്കും മറ്റ് അതിഥികൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് അധികൃതർ നിർദ്ദേശിക്കുന്ന മെനുവിൽ പറയും പ്രകാരം ഭക്ഷണം വിതരണം ചെയ്യുന്നതിന് ഈ മേഖലയിൽ 5 വർഷം പ്രവർത്തന പരിചയമുള്ള കാറ്ററിംഗ് സ്ഥാപനങ്ങളിൽ നിന്നും ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്ദേശം ഓരോ ദിവസവും 150 ൽ അധികം പ്രതിനിധികൾക്ക് ഭക്ഷണം ഭക്ഷണം വിതരണം നടത്തേണ്ടതാണ്. ഭക്ഷണ വിതരണം നടത്തേണ്ട അന്ന് രാവിലെ ഓർഡർ നൽകുന്നതാണ്.

ഇ-ടെണ്ടർ വെബ് സൈറ്റ്:etender.kerala.gov.in.

| Name of Work | Food Supply |
|---|---|
| Earnest Money Deposit(EMD)- | 25,000/- |
| Tender Submission Fee | Rs. 2500+18%GST |
| Period of completion-2025 September | 2025 August & September |
| Tender Document | Can be download from website **W.W.W.etender s.keralal.gov.in** |
| Document download start date | 08.08.2025 5 PM |
| Online bid submission start date | 08.08.2025 5 PM |
| Online bid submission closing date | 16.08.2025 2 PM |
| Date and time of opening of online Tender bid | 19.08.2025 11.A.M |

ഒപ്പ്/-
ഡയറക്ടർ
ആജ്ഞാനുസരണം

Signed by
അസിസ്റ്റന്റ് ഡയറക്ടർ പബ്ലിസിറ്റി
Sudheer S S
Date: 11-08-2025 10:43:40

| Sl.No | Food Items | Nos | Quoted Tender Amount |
|---|---|---|---|
| 1 | Tea | 1 | |
| 2 | Uzhunnu vada/Parippu vada | 1 | |
| 3 | Pazhampori/Modakam | 1 | |
| 4 | Cheru pazham<br>(Madura Annan) | 1 | |
| 5 | Meals<br>(Chamba Rice)<br>a) Sambar, Dhal,Rasam,Sambaram,Pulisseri<br>b) Avial,Thoran,Pachadi/Kichadi,Achar,Pappadam,Palpayasam(200 ml) | 1 | |
| 6 | Chicken Biriyani | 1 | |
| 7 | Fish Curry(50 gm fish Tuna/Nenmeen) | 1 | |
| 8 | Lime Juice | 1 | |

## നിർദ്ദേശങ്ങൾ

1.ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് കരാറുകാരന് ഉണ്ടായിരിക്കേണ്ടതും ടി ഓഫീസിന്റെ നിർദ്ദേശങ്ങൾ പാലിച്ച് ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്. ലൈസൻസ് പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

2.ഇ-ടെണ്ടർ നൽകുന്ന ആളുടെ പേരിൽ തന്നെയായിരിക്കണം ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ്. അല്ലാത്തവരുടെ ഇ-ടെണ്ടർ നിരസിക്കുന്നതാണ്.

3.ഇ-ടെണ്ടർ നൽകുന്നയാൾ സർക്കാരിന്റെ പരിപാടിയുമായി ബന്ധപ്പെട്ട് കുറഞ്ഞത് 5 പരിപാടികൾക്കെങ്കിലും ഭക്ഷണവിതരണം നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

4.ആവശ്യാനുസരണം കുടിവെള്ളം(ചൂടുവെള്ളം) നൽകേണ്ടതാണ്.

5.ഭക്ഷണ വിതരണത്തിന് ആവശ്യമായ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്.(പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ പാടില്ല).

6.ഭക്ഷണം വിളമ്പുന്നതിന് ആവശ്യമായ ജീവനക്കാരെ കരാറുകാരൻ സ്വന്തം ചെലവിൽ തന്നെ നൽകേണ്ടതാണ്.

7.ഇ-ടെണ്ടർ പ്രകാരം ഓരോ ദിവസവും പട്ടികവർഗ്ഗ വികസന വകുപ്പ് അധികൃതരുടെ നിർദ്ദേശ പ്രകാരം ഓർഡർ ചെയ്യുന്ന ഭക്ഷണം പ്രതിനിധികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

8.ഭക്ഷണം വിതരണം കഴിഞ്ഞുള്ള അവശിഷ്ടങ്ങൾ ഗ്രൗണ്ടിൽ നിന്നും കരാറുകാരൻ സ്വന്തം നിലയ്ക്കുതന്നെ വൃത്തിയായി നീക്കം ചെയ്യേണ്ടതാണ്.

9.ഭക്ഷണവിതരണം സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുമായി പൂർണ്ണമായി സഹകരിച്ച് പരാതികൾക്കിടനൽകാതെ പ്രവർത്തി ഏറ്റെടുത്ത് വിജയിപ്പിക്കേണ്ടതാണ്.

10.ഭക്ഷണം വിളമ്പുന്ന ഹാളും പരിസരവും വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.

11.ഇ-ടെണ്ടറിൽ പറയുംപ്രകാരമുള്ള ഭക്ഷണം, മേള ഗ്രൗണ്ടിൽ വച്ച് തന്നെ പാചകം ചെയ്തുനൽകുന്നതിന് വേണ്ട നടപടി കരാറുകാരൻ സ്വീകരിക്കേണ്ടതാണ്.

12.മീൻകറി തേങ്ങ അരച്ച് തയ്യാറാക്കേണ്ടതും മീൻ കറി/ ഫ്രൈ എന്നിവയിൽ ഒരാൾക്ക് 50 ഗ്രാം മീൻ കഷണം ഉണ്ടായിരിക്കേണ്ടതുമാണ്.

13.ചായ 200 മി.ലി ഉണ്ടായിരിക്കേണ്ടതാണ്. അതിൽ കുറഞ്ഞത് 100 മി.ലി പാൽ ഉണ്ടായിരിക്കേണ്ടതാണ്.

14.ഭക്ഷണ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ പ്രതിനിധികളിൽ നിന്നും ഉണ്ടാകുന്ന പക്ഷം കരാർ തുകയിൽ നിന്നും ആനുപാതികമായി തുക കുറവ് ചെയ്യുന്നതാണ്.

15.ഭക്ഷണം പാകം ചെയ്യുന്നത് ശുദ്ധജലത്തിലായിരിക്കണം. ആയത് കരാറുകാരൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഭക്ഷണ പാകം ചെയ്യുന്നതിന് ആവശ്യമായ വെള്ളം കരാറുകാരൻ സ്വന്തം ചുമതലയിലും, ഉത്തരവാദിത്വത്തിലും കൊണ്ടുവരേണ്ടതാണ്.

16.ഈ പരിപാടിക്ക് ഇ-ടെണ്ടർ സമർപ്പിക്കുന്ന കരാറുകാരൻ ഫാറം സംബന്ധിച്ച ഫീസായി 2500/- രൂപ+ 18% GST സഹിതം 2950/- രൂപ ട്രഷറി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.

17. ഇ-ടെണ്ടർ സമർപ്പിക്കുന്ന കരാറുകാരൻ ഇ.എം.ഡി തുകയായി 25,000/- രൂപ അടയ്ക്കേണ്ടതാണ്.

18.നിയമാനുസൃതമായ നികുതികൾ ജി.എസ്.ടി ഉൾപ്പെടെ കരാറുകാരൻ അടയ്ക്കേണ്ടതാണ്.

19.ടെണ്ടർ ലഭിക്കുന്ന കരാറുകാരൻ പ്രവർത്തികൾ സംബന്ധിച്ച് അനുബന്ധത്തിൽ പറയും പ്രകാരം വകുപ്പ് ഡയറക്ടറുമായി കരാർ ഉടമ്പടി 200 രൂപ മുദ്ര പത്രത്തിൽ ഒപ്പ് വച്ച് നൽകേണ്ടതാണ്.

20.മേൽ നിബന്ധനകൾ കൃത്യമായി പാലിച്ച് നൽകുന്ന ഇ-ടെണ്ടർ മാത്രമേ സ്വീകരിക്കുകയുള്ളൂ.

21. ഇ-ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനങ്ങളും നടപടി ക്രമങ്ങളും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

22. പരിപാടി തീയതികളിൽ മാറ്റം വരുകയാണെങ്കിൽ കരാറുകാരൻ സ്വന്തം ചുമതലയിൽ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇ-ടെണ്ടർ സമർപ്പിക്കുന്ന കരാറുകാരൻ സർക്കാരിന്റെ കുറഞ്ഞത് 5 വർഷ സർക്കാർ പരിപാടികൾ (ഗദ്ദിക പോലുള്ള) കുറഞ്ഞത് 5 എണ്ണമെങ്കിലും നിർവ്വഹിച്ചതായി തെളിയിക്കുന്ന ഉത്തരവിന്റെ പകർപ്പ് ഇ-ടെണ്ടറിനൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. അതോടൊപ്പം ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപ് ലോഡ് ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരമുള്ള രേഖകൾ അപ് ലോഡ് ചെയ്യുന്ന കരാറുകാരുടെ ടെണ്ടർ മാത്രമേ അംഗീകരിക്കുകയുള്ളൂ. ടെണ്ടർ നിബന്ധനയിൽ ഒപ്പ് വയ്ക്കാത്തവരുടെ ടെണ്ടർ നിരസിക്കുന്നതാണ്.

ഡയറക്ടർ